# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 348** — **12-11-2019-ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>,, കെ. ആൻസലൻ<br>,, ഒ. ആർ. കേളു<br>,, യു. ആർ. പ്രദീപ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉത്തരവാദിത്ത ടൂറിസം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തിന്റെ ഔദ്യോഗിക ടൂറിസം നയമായി സ്വീകരിച്ചു കൊണ്ട് ഈ സർക്കാർ, 2008 മുതലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാന വ്യാപക മാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന തിനായി 2017 ജൂൺ മാസത്തിൽ ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത മിഷൻ ജില്ലാ അടിസ്ഥാനത്തിൽ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പാക്കിയത് മൂലം തദ്ദേശവാസികൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; | (ബി) | അവലോകനം ചെയ്തിട്ടുണ്ട്. |
| (സി) | ഉത്തരവാദിത്ത ടൂറിസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും ടൂറിസം പോലീസിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | നിലവിലുള്ള അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ഉത്തരവാദിത്ത ടൂറിസത്തെയും, മിഷൻ പ്രവർത്തനങ്ങളെയും പറ്റി പരിശീലനം നൽകിയതിനു ശേഷം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലും മറ്റു പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം പോലീസിനും ഉത്തരവാദിത്ത ടൂറിസത്തിൽ പരിശീലനം നൽകിക്കൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ഏതെല്ലാം അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനു ശേഷം 4 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ 7 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത് .<br>1. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ അവാർഡ് |

| | | | |
|---|---|---|---|
| | | | 2019 ഫോർ വിമെൻ എംപവർമെന്റ്- ഉത്തരവാദിത്ത ടൂറിസം മിഷന്റെ കുമരകത്തെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ലഭിച്ചു.<br>2. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ് സ് 2018 ലെ 'ബെസ്റ്റ് ഫോർ മാനേജിങ് സക്സസ്'- കുമരകം.<br>3. 2018 ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ്- കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ<br>4. 2017 ൽ-ഡബ്ല്യു.ടി.എം ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രൊജക്ട്<br>5. 2018 ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് സിൽ 'ഔട് സ്റ്റാൻഡിങ് അച്ചീവ്മെൻറ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ<br>6. നാഷണൽ ടൂറിസം അവാർഡ് 2016-17 ലെ 'മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രൊജക്റ്റ് ഇനിഷ്യേറ്റീവ്' എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>7. നാഷണൽ ടൂറിസം അവാർഡ് 2015-16 ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ഇൻ നിഷ് കാറ്റഗറി' യിൽ - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>**ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വരുന്നതിനു മുൻപ് ലഭിച്ച അവാർഡുകൾ**<br>1. നാഷണൽ ടൂറിസം അവാർഡ് 2013-14 ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രൊജക്റ്റ് - തേക്കടി ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>2. പസിഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) സി ഇ ഒ ചലഞ്ച് അവാർഡ് -2015- തേക്കടി<br>3. പസിഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) ഗോൾഡ് അവാർഡ് 2014- കുമരകം |

| | | | |
|---|---|---|---|
| | | | 4. യു.എൻ.ഡബ്ല്യൂ.ടി.ഒ. – ഉലീസസ് അവാർഡ് 2013- കുമരകം<br>5. നാഷണൽ ടൂറിസം അവാർഡ് 2012-13 ലെ 'ബെസ്റ്റ് സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ - കുമരകം ഗ്രാമ പഞ്ചായത്ത്<br>6. നാഷണൽ ടൂറിസം അവാർഡ് 2011-12 ലെ ബെസ്റ്റ് റൂറൽ ടൂറിസം പ്രൊജക്ട് - കുമരകം<br>7. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പാറ്റ) ഗ്രാൻഡ് അവാർഡ് 2011- കുമരകം<br>8. നാഷണൽ ടൂറിസം അവാർഡ് 2008-09- കുമരകം<br>9. നാഷണൽ ടൂറിസം അവാർഡ് 2007-08- കേരള ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ |

**സെക്ഷൻ ഓഫീസർ**